(ബി) സ്വകാര്യ റിഗ്ഗുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് രജിസ്ട്രേഷൻ നൽകുന്നതിനായി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) എത്ര റിഗ്ഗുകൾ നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കഴൽകിണർ നിർമ്മാണ ഏജൻസികളും റിഗ്ഗുകളും ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)നമ്പർ59/2014/ജവിവ.തീയതി 27-6-2014.

(ബി) ഉണ്ട്. 27-6-2014-ലെ ജി.ഒ. (എംഎസ്) നമ്പർ 59/2014/ജവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) റിഗ്ഗുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നതേയുള്ളൂ.

വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ

159 (2714) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഡാറ്റ മുഴുവൻ ഏത് കമ്പനിയുടെ സർവ്വറിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ ടെണ്ടർ നടപടിക്കും ഇ-ടെണ്ടർ നടത്തുന്ന കമ്പനിക്ക് എന്ത് തുക നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; മേൽ കമ്പനിയുമായിട്ടുള്ള എഗ്രിമെന്റ് വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഡാറ്റ മുഴുവനും കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) -ന്റെ സ്വന്തം സർവ്വറിലാണ്.

(സി) ടെൻഡർ നടപടിക്ക് ഇ-ടെൻഡർ നടത്തുന്ന കമ്പനിക്ക് (കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്)) നൽകിയ റേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.* കമ്പനിയുമായിട്ടുള്ള എഗ്രിമെന്റിന്റെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

160 (2715) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണപ്രവർത്തനം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് 4-11-2013-ൽ 16.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആദ്യം ടെൻഡർ വിളിച്ചപ്പോൾ ആരും കോട്ട് ചെയ്യാതിരുന്നതിനാൽ 5-6-2014-ൽ വീണ്ടും ടെൻഡർ വിളിക്കുകയുണ്ടായി. ലഭിച്ച ടെൻഡർ ബോർഡിന്റെ പരിഗണനയ്ക്കും തീരുമാനത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതി

161 (2716) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനുകൾ ഏതു മാസത്തിലാണ് സമർപ്പിക്കേണ്ടത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly